49853/2017 R.7
02/08/2017

# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

(ഹാജർ: എ.റ്റി.ജെയിംസ്, ഐ.എ.എസ്)

(പബ്ലിക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ, തിരുവനന്തപുരം)

എൽ.ആർ എ3-7706/14 തീയതി : 18.07.2017

OFFICE OF THE INSPECTOR GENERAL OF REGISTRATION 02 AUG 2017

വിഷയം :- കേരള മുദ്രപത്ര നിയമം വകുപ്പ് 54(1) - മലപ്പുറം ജില്ലാ രജിസ്ട്രാർറു (ജനറൽ)-ടെ ഉത്തരവിനെ തിരായ റിവിഷൻ ഹർജി ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം:- 1) ശ്രീമതി.കെ.സബ്നയുടെ 11.02.14 തീയതിയിലെ റിവിഷൻ ഹർജി.

2) മലപ്പുറം ജില്ലാ രജിസ്ട്രാർ (ജനറൽ)-ന്റെ 28.12.2013 തീയതിയിലെ ജി1-8202/13, ജി1-8203/13, ജി1-8207/13, ജി1-8209/13 ജി1- 8210/13 നമ്പർ ഉത്തരവുകൾ.

3) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 09.05.17-ലെ ആർ.ആർ 4-16368/2016 നമ്പർ റിപ്പോർട്ട്.

മലപ്പുറം ജില്ലാ രജിസ്ട്രാറുടെ പരാമർശം (2) പ്രകാരമുള്ള ഉത്തരവുകൾക്കെതിരെയാണ് കക്ഷി റിവിഷൻ ഹർജി സമർപ്പിച്ചിട്ടുള്ളത്. ടി ഉത്തരവുകൾക്കാധാരമായ മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി2/2013, പി3/2013, പി7/2013, പി9/2013, പി10/2013 നമ്പർ ബന്തവസ്സാധാരങ്ങൾ മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നവരുടെ മക്കളും മരിച്ച മകന്റെ ഭാര്യയും മക്കളുമായി ചേർന്ന് തയ്യാറാക്കിയിരിക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരങ്ങളാണ്.

മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നവരുടെ മക്കൾ (1) അബ്ദുള്ള എന്ന അബ്ദുപ്പ (2) മറിയുമ്മ (3) കതീജ (4) ഫാത്തിമ (5) സൈനബ (6) ആമിന (7) ആയിഷ എന്നവർ ചേർന്ന് അവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മക്കൾ യൂസഫ്, യൂനൂസ്, മറിയ, സംഹത്ത്, സക്കീന, ഷാഹിത ഉമ്മുൻ ഫദ്‌ല എന്നവരുടെയും ഇവരുടെ മാതാവായ ആമിനയുടെയും പേർക്ക് അവകാശം ഒഴിഞ്ഞുകൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ് പി2/2013 നമ്പർ ബന്തവസാധാരം

മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നവരുടെ മക്കൾ അബ്ദുള്ള എന്ന അബ്ദുപ്പ മുഹമ്മദ് എന്ന മാനുപ്പ, മറിയുമ്മ, കതീജ, ഫാത്തിമ, സൈനബ, ആമിന, ആയിഷ എന്നിവർ ചേർന്ന് അവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മക്കൾ യൂസഫ്,



1828864

യൂനുസ്, മറിയ, സംഹത്ത്, സക്കീന, ഷാഹിദ, ഉമ്മുൽ ഫദ്ല എന്നിവരുടെയും ഇവരുടെ മാതാവും മരിച്ച അബൂബക്കർ ഹാജിയുടെ ഭാര്യയുമായ ആമിനയുടെ പേർക്ക് അവകാശം ഒഴിഞ്ഞുകൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ് പി3/2013 നമ്പർ ബന്തവസാധാരം.

മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നവരുടെ മക്കൾ മുഹമ്മദ് എന്ന മാനുപ്പ, കതീജ, ഫാത്തിമ, ആമിന എന്നിവർകൂടി അവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മകൻ യൂസഫ് പേർക്ക് അവകാശം ഒഴിഞ്ഞുകൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ് പി7/13, പി9/13 നമ്പർ ബന്തവസാധാരങ്ങൾ.

മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നിവരുടെ മക്കൾ മറിയുമ്മ, കതീജ, ആമിന എന്നിവർ കൂടി അവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മകൾ യൂസഫ്, യൂനുസ്, മറിയ, സംഹത്ത്, സക്കീന, ഷാഹിത, ഉമ്മൻ ഫദ്ല എന്നിവരുടെയും അവരുടെ മാതാവും അബൂബക്കർ ഹാജിയുടെ ഭാര്യയുമായ ആമിനയുടെയും പേർക്ക് അവകാശം ഒഴിഞ്ഞുകൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ് പി10/2013 നമ്പർ ബന്തവസാധാരം.

മരിച്ച സഹോദരന്റെ അവകാശികളുടെ പേരിൽ എഴുതി കൊടുക്കുന്ന ടി ആധാരങ്ങൾക്ക് കേരള മുദ്രപ്പത്ര നിയമം ആർട്ടിക്കിൾ 48 (ബി) പ്രകാരം മുദ്ര ചുമത്തേണ്ടതാണെന്ന് സബ്ബ് രജിസ്ട്രാർ അഭിപ്രായപെടുകയും സഹോദരന്റെ മക്കളും സഹോദരന്റെ ഭാര്യയും കേരള മുദ്രപത്രനിയമം 48 (എ)-യിൽ വ്യവസ്ഥ ചെയ്യുന്ന കുടുംബ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാൽ ടി ആധാരങ്ങൾക്ക് കേരള മുദ്രപ്പത്ര നിയമം 48 (ബി) പ്രകാരം മുദ്ര അടവാക്കണമെന്ന് ജില്ലാ രജിസ്ട്രാർ ഉത്തരവാകുകയും ചെയ്തു.

പ്രസ്തുത വിഷയത്തിൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ബന്തവസാധാര പകർപ്പുകൾ പരിശോധിച്ചതിൽ സഹോദരങ്ങൾ ചേർന്ന് മരിച്ച സഹോദരന്റെ ഭാര്യ യുടെയും മക്കളുടെയും പേരിൽ എഴുതികൊടുക്കുന്ന ഒഴിമുറി ആധാര ങ്ങളാണ് ടി ബന്തവസാധാരങ്ങളെന്നും സഹോദരന്റെ മക്കളും സഹോദരന്റെ ഭാര്യയും കേരള മുദ്രപത്ര നിയമം 48 (എ)-യിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുടുംബ നിർവ്വചനത്തിൽ ഉൾപ്പെടാത്തതി നാൽ ടി ബന്തവസാധാരങ്ങൾക്ക് കേരള മുദ്രപത്ര നിയമം പട്ടിക 48 (ബി) പ്രകാരം മുദ്ര ആവശ്യമാണെന്ന ജില്ലാ രജിസ്ട്രാറുടെ ഉത്തരവ് യഥാവിധിയാണെന്നു കാണുന്നതിനാൽ അപ്പീൽ തള്ളി ഉത്തരവാകുന്ന താണെന്നും റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു.

ഈ വിഷയവുമായി ബന്ധപ്പെട്ട 10.05.17 തീയതിയിലെ വിചാരണ യിൽ മലപ്പുറം ജില്ലാ രജിസ്ട്രാറെയും കക്ഷിക്കുവേണ്ടി അഡ്വക്കേറ്റി നെയും നേരിൽ കേട്ടു. അഡ്വക്കേറ്റ് ആർഗ്യുമെന്റ് നോട്ട് ഹാജരാക്കി.



1828864 GOVERNMENT OF KERALA

ആധാരങ്ങളും അനുബന്ധങ്ങളും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ടും പരിശോധിച്ചതിന്റെയും മേൽ പറഞ്ഞവരെ കേട്ടതിന്റെയും അടിസ്ഥാനത്തിലും ഇപ്രകാരം ഉത്തരവാകുന്നു.

## ഉത്തരവ്

മേലാറ്റൂർ സബ് രജിസ്ട്രാർ ഓഫീസിലെ പി2/2013, പി3/2013, പി7/2013, പി9/2013, പി10/2013 എന്നീ ബന്തവസാധാരങ്ങൾ മതാരി അയമ്മുട്ടി ഹാജിയുടെയും പാത്തുമ്മയുടെയും മക്കൾ മരിച്ച മകന്റെ അതായത് ഇവരുടെ സഹോദരനായ അബൂബക്കർ ഹാജിയുടെ ഭാര്യയ്ക്കും മക്കൾക്കും ഭാര്യയ്ക്കും എഴുതി നൽകുന്ന ഒഴിമുറി ആധാരങ്ങളാണ്.

പി3/2013 നമ്പർ ബന്തവസാധാരം മതാരി അയമ്മുട്ടി ഹാജി, ഭാര്യ പാത്തുമ്മ എന്നിവരുടെ മക്കൾ (1) അബ്ദുള്ള എന്ന അബ്ദുപ്പ (2) മുഹമ്മദ് എന്ന മാനുപ്പ (3) മറിയുമ്മ (4) കതീജ (5) ഫാത്തിമ (6) സൈനബ (7) ആമിന (8) ആയിഷ എന്നിവർ ചേർന്ന് ഇവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മക്കൾ (1) യൂസഫ്, (2) യൂനുസ്, (3) മറിയ (4) സംഹത്ത് (5) സക്കീന (6) ഷാഹിത (7) ഉമ്മുൽ ഫദ്ല എന്നിവരുടെയും അവരുടെ മാതാവും ടി അബൂബക്കർ ഹാജിയുടെ ഭാര്യയുമായ ആമിനയുടെ പേർക്ക് അവകാശം ഒഴിഞ്ഞു കൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ്.

ഈ ആധാരപ്രകാരമുള്ള സ്വത്തുക്കൾ അയമ്മുട്ടി ഹാജിക്ക് വെറുമ്പാട്ടവകാശമായിരുന്നതും മരണശേഷം ഭാര്യയായ പാത്തുമ്മക്ക് 2236/2012 ആയി ക്രയ സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളതും അവരുടെ മരണശേഷം മക്കൾക്കും മക്കളിൽ അബൂബക്കർ ഹാജി മരണപ്പെടുക യാൽ ഭാര്യയ്ക്കും മക്കൾക്കും അവകാശപ്പെട്ടതും ആണ്. അതായത് കുടുംബ സ്വത്തുകൾ കൂട്ടവകാശപ്പെട്ടവർ കൂട്ടവകാശികൾക്ക് ഒഴിഞ്ഞു കൊടുക്കുന്നു. ഈ ഒഴിമുറി ആധാരത്തെ 48 (എ)-യിൽ ഉൾപ്പെടുത്താൻ കഴിയില്ല എന്ന ജില്ലാ രജിസ്ട്രാറുടെയും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെയും അഭിപ്രായത്തോട് യോജിക്കുവാൻ കഴിയുകയില്ല. കാരണം സഹോദരങ്ങളുടെയും മരിച്ച സഹോദരന്റെ അവകാശികളെയും കെ.എസ്.എ-1959 പട്ടിക 48 (എ)-യിൽ വ്യവസ്ഥ ചെയ്യുന്ന കുടുംബ നിർവ്വചനത്തിൽ ഉൾപ്പെടുത്താവു ന്നതാണ്. കേരള മുദ്രപത്രനിയമം പട്ടിക 48(എ)-യിൽ " when such release operates in favour of Father, Mother, Grand Mother, Husband, Wife, Son, Daughter, Brother, Sister, Grand Children or Legal heirs of the deceased children of a person " എന്നാണ് വ്യവ സ്ഥചെയ്യുന്നത്. ഇവിടെ മരിച്ച സഹോദരന്റെ ഭാര്യയും മക്കളും മരിച്ച യാളിന്റെ നിയമാനുസൃത അവകാശികളാണ്. മാതാവിന്റെ പേരിലുള്ള

സ്വത്തുക്കൾ ആണ് അവകാശികൾ ഒഴിമുറിയായി ഇവർക്ക് എഴുതുന്നത്. മാതാവിന്റെ സ്വത്തിൽ മരണപ്പെട്ട മകന്റെ നിയമാനുസൃത അവകാശികൾക്കും (ie legal heir of deceased) അവകാശമുള്ളതിനാൽ കേരള മുദ്രപത്ര നിയമം പട്ടിക 48 (എ)-യിൽ വ്യവസ്ഥ ചെയ്യുന്ന മുദ്രവില ഒടുക്കിയാൽ മതിയാകും. ഈ സാഹചര്യത്തിൽ മലപ്പുറം ജില്ലാ രജിസ്ട്രാറുടെ ജി1/8203/13 നമ്പർ ഉത്തരവിനെതിരെ കക്ഷി സമർപ്പിച്ച റിവിഷൻ ഹർജി അനുവദിക്കുന്നു.

പി3/2013 നമ്പർ ബന്തവസാധാരത്തിന്റെ റിവിഷൻ ഹർജി അനുവദിക്കാമെങ്കിലും പി2/2013, പി7/2013, പി9/2013, പി10/2013 തുടങ്ങിയ ബന്തവസാധാരങ്ങളുടെ സ്ഥിതി സമാനമല്ല. സഹോദരങ്ങൾ മരിച്ച സഹോദരന്റെ ഭാര്യയുടെയും മക്കളുടെയും പേർക്ക് തന്നെയാണ് ടി ഒഴിമുറി ആധാരങ്ങളും എഴുതിയിട്ടുള്ളതെങ്കിലും ആധാരങ്ങളുടെ സ്വഭാവത്തിൽ വ്യത്യാസമുണ്ട്. പി2/2013 നമ്പർ ബന്തവസാധാരത്തിന്റെ കാര്യത്തിൽ ഈ ആധാരം മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നിവരുടെ ജീവിച്ചിരിപ്പുള്ള 8 മക്കളിൽ മുഹമ്മദ് എന്ന മാനുപ്പ ഒഴികെയുള്ള 7 മക്കൾ മരിച്ച മകൻ അബൂബക്കർ ഹാജിയുടെ മക്കളുടെയും ഭാര്യയുടെയും പേർക്ക് എഴുതിനൽകുന്ന കൂട്ടവകാശ ഒഴിമുറി ആധാരമാണ്.

ടി ആധാരപ്രകാരം കൈമാറുന്ന 1 ഏക്കർ 22 സെന്റ് വസ്തു വഹകളിൽ 1 ഏക്കർ 7 സെന്റിലുണ്ടായിരുന്ന മുഹമ്മദ് എന്ന മിനുപ്പയുടെ അവകാശം സഹോദരനായ അബൂബക്കർ ഹാജിയുടെ മകനുമായ യൂസുഫിന് 3517/2005-ാം ആധാര പ്രകാരം തീരുനൽകിയിട്ടുള്ളതും ബാക്കിയുള്ള 15 സെന്റിൽ മുഹമ്മദ് എന്ന മാനുപ്പയ്ക്കുണ്ടായി അവകാശം സഹോദരനായ അബൂബക്കർ ഹാജിക്ക് 3518/2005 ആധാരപ്രകാരം നൽകിയിട്ടുള്ളതുമാണ്. അതായത് ഇപ്പോൾ കൈമാറുന്ന മൊത്തം വസ്തുവഹകളിൽ കൂട്ടവകാശമില്ലാത്ത ഭൂമിയും കൂട്ടവകാശ ഒഴിമുറിയായി എഴുതിയിട്ടുള്ളതുമാണ്. യൂസുഫിനും, അബൂബക്കർ ഹാജിയ്ക്കും യഥാക്രമം 3517/2005, 3518/2005 ആധാര പ്രകാരം ലഭിച്ച വസ്തുവഹകൾ അവരുടെ ഉടമസ്ഥതയിൽ മാത്രമാണുള്ളത്. ആയതിനാൽ പി2/13 നമ്പർ ബന്തവസാധാരത്തിന് മുൻ ആധാരത്തിന്റെ സ്വഭാവമനുസരിച്ച് കെ.എസ്.എ. ആർട്ടിക്കിൾ 48 (ബി) പ്രകാരം മുദ്രഈടാക്കേണ്ടതാണെന്ന് കാണുന്നതിനാൽ. മലപ്പുറം ജില്ലാ രജിസ്ട്രാറുടെ 28.12.2013 തീയതിയിലെ ജി 1/8202/13 ശരിവച്ച് കൊണ്ട് കക്ഷി സമർപ്പിച്ച റിവിഷൻ ഹർജി ഇതിനാൽ തള്ളി ഉത്തരവാകുന്നു.

പി7/13, പി9/2013 നമ്പർ ബന്തവസാധാരങ്ങൾ മതാരി അയമ്മുട്ടി ഹാജി പാത്തുമ്മ എന്നിവരുടെ മക്കളായ (1) മുഹമ്മദ് എന്ന മാനുപ്പ (2) കതീജ (3) ഫാത്തിമ (4) ആമിന എന്നവർ ഇവരുടെ മരിച്ച

സഹോദരൻ അബൂബക്കർ ഹാജിയുടെ മകൻ യൂസുഫിന്റെ പേർക്ക് അവകാശം ഒഴിഞ്ഞുനൽകുന്ന ഒഴിമുറി ആധാരങ്ങളാണ്. പി7/13 പ്രകാരം കൈമാറ്റം ചെയ്യുന്ന വസ്തുവഹകൾ മതാരി അയമ്മുട്ടി ഹാജിയുടെ മാതാവ് തിത്തിയുട്ടിയുടെ മരണശേഷം മതാരി അയമ്മുട്ടി ഹാജിക്ക് ലഭിച്ചവയിൽ ടിയാന്റെ മരണശേഷം മക്കൾക്ക് ലഭിച്ചവയിൽ തീര് വിറ്റ് പോയതും അന്യകൈവശം പോയതും കഴിച്ച് ബാക്കിയുള്ള വയാണ്. അതിനർത്ഥം പിതൃസ്വത്തുക്കൾ ഭാഗം ചെയ്തിട്ടുണ്ടെന്നും അതിൽതന്നെ തീറ് നൽകപ്പെട്ടിട്ടുണ്ടെന്നുമാണ്. അതായത് മേൽ പ്പറഞ്ഞ 4 പേർക്കും മാത്രമായി അവകാശം നിലനിൽക്കുന്നവസ്തു ക്കളാണ് കൈമാറുന്നത്, അല്ലാത്ത കൂട്ടവകാശപ്പെട്ട വസ്തുവല്ല. കൈമാറ്റം ചെയ്യുന്നത്. പി9/2013 നമ്പർ ബന്തവസാധാരത്തിന്റെ കാര്യത്തിലും ഇതേ അവസ്ഥ തന്നെയാണെന്നുള്ളത് മതാരി അയമ്മുട്ടി ഹാജി മാതാവായ തിത്തുമ്മയിൽ നിന്ന് തീറ് വാങ്ങിയ വസ്തുക്കൾ ടിയാന്റെയും ഭാര്യയുടെയും മരണശേഷം മക്കൾക്ക് വന്നുചേരുകയും, ടി വസ്തുക്കളിൽ തീരുവിറ്റുപോയതു കഴിച്ചുള്ള ബാക്കി വസ്തു വഹകളാണ് കൈമാറുന്നത്. നേരത്തെഭാഗം ചെയ്ത വസ്തുക്കളിൽ ഇവർ നാലുപേർക്കും മാത്രമായി അവകാശപ്പെട്ട വസ്തുക്കൾ ആണ് മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മകൻ യൂസുഫിന് കൈമാറുന്നത്. ഇവിടെ കൂട്ടവകാശമുള്ള വസ്തുവായി കണക്കാക്കുവാൻ സാധിക്കാത്തതിൽ, സഹോദരങ്ങൾ ചേർന്ന് സഹോദരന്റെ മകന് കൈമാറുന്നത് കേരള മുദ്രപത്ര നിയമം പട്ടിക 48 (എ)-ൽ ഉൾപ്പെടുത്താവുന്ന ബന്തവസ്സാധാരമല്ല. ഇത് ഈ കാരണ ങ്ങളാൽ പി7/2013, പി9/2013 നമ്പർ ബന്തവസാധാരങ്ങൾക്ക് കേരള മുദ്ര പത്രനിയമം പട്ടിക 48 (ബി) പ്രകാരമുള്ള മുദ്രവില ഒടുക്കേണ്ടതായതി നാൽ മലപ്പുറം ജില്ലാ രജിസ്ട്രാറുടെ 28.12.13 തീയതിയിലെ ജി1/8207/13, ജി1/8209/13 നമ്പർ ഉത്തരവുകൾ ശരിവച്ച് കൊണ്ട് റിവിഷൻ ഹർജി ഇതിനാൽ തള്ളുന്നു.

മേലാറ്റൂർ സബ്ബ് രജിസ്ട്രാർ ഓഫീസിലെ പി10/2013, മതാരി അയമ്മുട്ടി ഹാജി, പാത്തുമ്മ എന്നിവരുടെ മക്കൾ മറിയുമ്മ, കതീജ, ആമിന എന്നിവർ ചേർന്ന് ഇവരുടെ മരിച്ച സഹോദരൻ അബൂബക്കർ ഹാജിയുടെ മക്കൾ യൂസഫ്, യൂനുസ്, മറിയ, സംഹത്ത്, സക്കീന, ഷാഹിത, ഉമ്മുൽ ഫ്ദല എന്നിവരുടെയും അവരുടെ മാതാവും അബൂബക്കർ ഹാജിയുടെ ഭാര്യയുമായ ആമിനയുടെയും പേർക്ക് അവകാശം ഒഴിഞ്ഞുകൊടുക്കുന്ന കൂട്ടവകാശ ഒഴിമുറി ആധാര മായാണ് തയ്യാറാക്കിയിരിക്കുന്നത്. ടി ആധാര പ്രകാരം കൈമാറുന്ന വഹകൾ ഉൾപ്പെട്ടുന്ന സ്ഥലങ്ങൾ അയമ്മുട്ടി ഹാജിക്ക് വെറുമ്പാട്ടാവ കാശമായിരുന്നത് 1972-ൽ 325-ാം നമ്പരായി ക്രയസർട്ടിഫിക്കറ്റ് ലഭിച്ചി ട്ടുള്ളതും ടിയാന്റെ മരണശേഷം ഭാര്യയായ പാത്തുമ്മയും അവരുടെ മരണശേഷം മക്കൾക്കും വന്നുചേർന്നിട്ടുള്ളതുമാണ്. അതിൽ



1828862

മുഹമ്മദ് മാനുപ്പയ്ക്കുണ്ടായിരുന്ന അവകാശം തെങ്ങും തൊടി അഷറഫിന് തീര് നൽകിയിട്ടുള്ളതും ടി അഷ്റഫ് 2001-ലെ 3370 നമ്പർ ആധാരപ്രകാരം മുഹമ്മദലിക്ക് തീറ് നൽകിയിട്ടുള്ളതുമാണ്. പി10/13 നമ്പർ ബന്തവസാധാരത്തിൽ "മേപ്പടി അബ്ദുള്ള എന്ന അബ്ദുപ്പ, ഫാത്തിമ, സൈനബ, ആയിഷ ഇവർക്കും ഞങ്ങൾക്കും മേപ്പടി മുഹമ്മദലി, അബൂബക്കർ ഹാജി ഇവർക്കും മാത്രം അവകാശപ്പെട്ട് കൈവശം വെച്ചുവരുമ്പോൾ മേപ്പടി അബൂബക്കർ ഹാജി മരിക്കുകയാൽ ടിയാന്റെ അവകാശം ഭാര്യമക്കളായ നിങ്ങൾക്കവകാശപ്പെട്ട വഴിക്ക് ഇപ്പോൾ നമ്മൾക്കും മേപ്പടി അബ്ദുള്ള എന്ന അബ്ദുപ്പ, ഫാത്തിമ, സൈനബ, ആയിഷ, മുഹമ്മദലി ഇവർക്കും മാത്രം അവകാശപ്പെട്ടതും നമ്മളും മേപ്പടിയാന്മാരും കൂടി ജന്മവകാശമായും കൂട്ടവകാശമായും കൈവശം വെച്ചു വരുന്നതും'' എന്ന് പറഞ്ഞിരിക്കുന്നു. വിലയാധാരമായി വസ്തുവാങ്ങിയ ആളെ കുടുംബസ്വത്തിന്റെ കൂട്ടവകാശിയായി കാണക്കാക്കുവാൻ കഴിയുന്നതല്ല. ഒരു ഭാഗം വസ്തുവിലുള്ള അവകാശം പ്രതിഫലം നൽകി വിലയ്ക്കു വാങ്ങുന്ന ഒരു വ്യക്തിക്ക് അവശേഷിക്കുന്ന വസ്തുവിൽ കൂട്ടവകാശം ലഭിക്കുന്നതല്ല എന്ന് 09.01.1989-ലെ 111763/ഇ3/88/റ്റി.ഡി നമ്പർ സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കൂട്ടവകാശമുണ്ടെന്ന് ആധാരത്തിൽ പറഞ്ഞുകൊണ്ട് കൂട്ടവകാശമില്ലാത്ത വസ്തുവഹകൾ കൂട്ടവകാശ ഒഴിമുറിയായി എഴുതി നൽകുന്നതായി കാണുന്നു.

ആയതിനാൽ തന്നെ ഈ ബന്തവസ്സാധാരത്തെ കേരള മുദ്രപത്ര നിയമം പട്ടിക 48 (എ)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള കുടുംബ നിർവ്വചനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുവാൻ കഴിയുന്നതല്ല. ആയതിനാൽ കേരള മുദ്രപത്രനിയമം പട്ടിക 48 (ബി) പ്രകാരം മുദ്രവില ഈടാക്കേണ്ടതാണെന്ന മലപ്പുറം ജില്ലാ രജിസ്ട്രാറിന്റെയും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെയും റിപ്പോർട്ടുകൾ ശരിയാണെന്ന് കാണുന്നതിനാൽ മലപ്പുറം ജില്ലാ രജിസ്ട്രാറുടെ 28.12.2013 തീയതിയിലെ ജി1/8210/13 നമ്പർ ഉത്തരവ് ശരിവച്ച് കൊണ്ട് ഇതിൻ മേലുള്ള റിവിഷൻ ഹർജി ഇതിനാൽ തള്ളുന്നു.

മേൽ വിവരിച്ച വസ്തുതകൾ പ്രകാരം പി3/2013 ബന്തവസാധാര പ്രകാരം കൈമാറുന്ന വസ്തുവഹകൾ കുടുംബസ്വത്തായതിനാൽ ടി ഒഴിമുറി ആധാരത്തിന് കേരള മുദ്രപത്ര നിയമം പട്ടിക 48 (എ) പ്രകാരമുള്ള മുദ്രവില അടച്ചിട്ടുള്ളത് ശരിയാണെന്ന് കണ്ട് റിവിഷൻ ഹർജി അനുവദിച്ചുകൊണ്ടും പി2/13, പി7/13, പി9/13, പി10/13 എന്നീ ബന്തവസാധാരങ്ങൾ മേൽ വിസ്തരിച്ച കേരള സ്റ്റാമ്പ് ആക്ട് ആർട്ടിക്കിൾ 48 (എ) പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായതിനാൽ ടി ആധാരങ്ങൾക്ക് കേരള മുദ്രപത്രനിയമം പട്ടിക 48 (ബി)-ൽ പ്രകാരം മുദ്രവില ചുമത്തേണ്ടതാണെന്നുള്ള ജില്ലാ രജിസ്ട്രാറിന്റെ



1828862 GOVERNMENT OF KERALA

ഉത്തരവുകളെ ശരിവച്ചുകൊണ്ടും റിവിഷൻ ഹർജി തള്ളിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)
കമ്മീഷണർ

സ്വീകർത്താവ് :-

1. ശ്രീമതി.കെ.സബ്ന, മതാരി ഹൗസ്, പൂന്താവനം പി.ഒ, മലപ്പുറം (RP/AD)
2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം
3. ജില്ലാ രജിസ്ട്രാർ (ജനറൽ) മലപ്പുറം

4. കരുതൽ ഫയൽ
5. അധിക പകർപ്പ്

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

ഫയൽ നമ്പർ } RA4-16368/16. രജി. ഐ. ജി. ഓഫീസ്,
TVPM, 18/08/2017

മേൽ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും, തുടർ നടപടികൾക്കുമായി അയയ്ക്കുന്നു.

18/8/2017

രജി. ഐ. ജി. യ്ക്കുവേണ്ടി.

To
ജില്ലാരജിസ്ട്രാർ (ജനറൽ)
മലപ്പുറം.



017